16188
24/7/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ഒലവക്കോട് സ്ട്രോങ്ങ് റൂം മോഷണം - അച്ചടക്ക നടപടി - ശ്രീ.സി.ടി.ജോജു, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ)നം.255/2017/വനം തീയതി, തിരുവനന്തപുരം, 12.07.2017

പരാമർശം:- 1) 28.01.2009 ലെ സ.ഉ.(സാധാ) നം.47/2009/വനം ഉത്തരവ്

2) 26.07.2010 ലെ സ.ഉ.(സാധാ) നം.339/2010/വനം ഉത്തരവ്

3) 24.06.2011 ലെ സ.ഉ.(സാധാ) നം.284/2011/വനം ഉത്തരവ്

4) 14.07.2016 തീയതിയായി ശ്രീ.സി.ടി.ജോജു സമർപ്പിച്ച റിവ്യൂ ഹർജി

5) 07.09.2016, 08.12.2016 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം)റുടെ ബി7-23894/2002 നമ്പർ കത്ത്

**ഉത്തരവ്**

ഒലവക്കോട് സ്ട്രോങ്ങ് റൂം മോഷണം നടന്നതുമായി ബന്ധപ്പെട്ട് അന്നത്തെ വാളയാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.സി.ടി.ജോജു അടക്കം 12 പേർക്കെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

2) ശ്രീ.സി.ടി.ജോജുവിനെതിരായ കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

(i) He did not develop a system of proper accounting of the valuables kept in the strong room and failed to inspect the strong room regularly.

(ii) He failed to maintain a permanent register for the items deposited in the strong room, no record was maintained or receipt obtained for the items deposited in the room.

(iii) No system was developed for the regular and periodical inspection of strong room and physical verification of the valuable kept there.

3) ഔപചാരികാന്വേഷണത്തിൽ ശ്രീ.സി.ടി.ജോജുവിനെതിരായ ഒന്നാമത്തെ ചാർജ്ജ്, അതായത് ടിയാൻ സ്ട്രോങ്ങ് റൂം റെഗുലറായി പരിശോധന നടത്തിയില്ല എന്ന ചാർജ്ജ് ഭാഗികമായി തെളിയിക്കപ്പെട്ടു.

ചാർജ്ജ് 2,3 എന്നിവ തെളിയുകയുണ്ടായില്ല. ഔപചാരിക അന്വേഷണത്തിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് ടിയാനെതിരായ അച്ചടക്ക നടപടി പരാമർശം (1) പ്രകാരം തീർപ്പാക്കി.

4) മേൽ ഉത്തരവിനെതിരെ ശ്രീ.സി.ടി.ജോജ്ജു 20.7.2009 തീയതിയായി റിവ്യൂ സമർപ്പിക്കുകയും റിവ്യൂ ഹർജിയിൽ പുതിയ വാദമുഖങ്ങളൊന്നും ഉന്നയിച്ചു കാണാത്തതിനാൽ പരാമർശം (2) പ്രകാരം റിവ്യൂ ഹർജി നിരസിച്ചുത്തരവാകുകയും ചെയ്തു. തുടർന്ന് 28.09.2010 തീയതിയായി ടിയാൻ വീണ്ടും റിവ്യൂ ഹർജി സമർപ്പിച്ചു. ടി ഹർജി പരിഗണിച്ച് പരാമർശം (3) പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലം എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായും 80% ശമ്പളവും അലവൻസും സസ്പെൻഷൻ കാലയളവിൽ നൽകുന്നതിനും ഉത്തരവായി.

5) തുടർന്ന് ശ്രീ.സി.ടി.ജോജ്ജു പരാമർശം (4) പ്രകാരം ബഹു.വനം വകുപ്പ മന്ത്രി മുൻപാകെ റിവ്യൂ ഹർജി സമർപ്പിച്ചു. ടി ഹർജിയിൽ ടിയാൻ ഉന്നയിച്ചിരിക്കുന്ന വാദമുഖങ്ങൾ താഴെപ്പറയുന്നവയാണ്.

6) പുതുശ്ശേരി സെക്ഷൻ ഫോറസ്റ്റർമാർ ചാർജ്ജ് വിടുമ്പോഴും ചാർജ്ജ് എടുക്കുമ്പോഴും കൃത്യമായും സ്റ്റോർ റൂം പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിൽ ടിയാൻ വാളയാറിൽ ജോലി ചെയ്ത സമയത്ത് 4 ഫോറസ്റ്റർമാർ മാറി മാറി വരികയും ഇങ്ങനെ 8 പ്രാവശ്യം പരിശോധനകൾ നടത്തിയിട്ടുള്ളതുമാണ്. കൂടാതെ സ്റ്റോർ റൂമിന്റെ വാതിൽ ഗ്യാസ് കട്ടർ ഉപയോഗിച്ച് ഭേദിച്ച് മോഷണം നടത്തിയത് സംരക്ഷണ പോരായ്മ കൊണ്ടാണ് അല്ലാതെ പരിശോധനയുടെ കുറവു കൊണ്ടല്ല. ടി മോഷണം സി.ബി.ഐ.ആണ് അന്വേഷിച്ച് കണ്ടെത്തിയിട്ടുള്ളത്. ബഹു.എറണാകുളം സി.ബി.ഐ. കോടതിയിൽ ഈ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. ടിയാൻ ഈ കേസിൽ നാലാം സാക്ഷിയാണെന്നും, ടി കേസിൽ കോടതിയിൽ തെളിവു നൽകേണ്ടയാളാണെന്നും ടി കേസുമായി ബന്ധപ്പെട്ട് ടിയാനെതിരെ വകുപ്പുതല നടപടി ഉണ്ടായിട്ടുണ്ടെന്ന് കോടതിയിൽ തെളിഞ്ഞാൽ ടിയാൻ നൽകുന്ന മൊഴിയുടെ ക്രെഡിബിലിറ്റി കുറഞ്ഞു പോകുമെന്നും, അത് പ്രതികൾക്ക് അനുകൂലമാകാൻ സാധ്യതയുണ്ടെന്നും വാദിച്ചു.

7) ശ്രീ.സി.ടി.ജോജ്ജു സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (5) ലെ 7.09.2016 തീയതിയിലെ കത്ത് പ്രകാരം അഭിപ്രായപ്പെട്ടു.

8) കേരള ഫോറസ്റ്റ് കോഡ് വാല്യം I, വാല്യം III എന്നിവയിലാണ് തൊണ്ടി വകകളുടെ പരിശോധനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളതെന്നും, കേരള ഫോറസ്റ്റ് കോഡ് വാല്യം I ഖണ്ഡിക 3.3.10, 3.3.12 (iii), 7.5.3, കേരള ഫോറസ്റ്റ് കോഡ് വാല്യം III അനുബന്ധം XXV എന്നിവ പരിശോധിച്ചതിൽ തൊണ്ടി വകകൾ നിശ്ചിത കാലയളവിൽ പരിശോധിച്ച കൊണ്ടിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. കേരള ഫോറസ്റ്റ് കോഡ് വാല്യം I ഖണ്ഡിക 7.5.3 ൽ തൊണ്ടി സാധനങ്ങളുടെ പ്രതിമാസ റിട്ടേൺ സമർപ്പിക്കണമെന്ന് പറയുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡ് വാല്യം I ഖണ്ഡിക 6.5.4 ൽ ചാർജ്ജ് കൈമാറ്റ സമയത്തെ പരിശോധനയാണ് പരാമർശിച്ചിട്ടുള്ളത്. പീരിയോഡിക്കൽ ഇൻസ്പെക്ഷൻ സംബന്ധിച്ച് വ്യവസ്ഥകൾ ഒന്നും തന്നെ പ്രതിപാദിച്ച കാണുന്നില്ലായെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (5) ലെ 8.12.2016 തീയതിയിലെ കത്ത് പ്രകാരം അറിയിച്ചു.

9) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്ട്രോങ്ങ് റൂം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി സാധനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ലായെന്ന ചാർജ്ജ് ശ്രീ.സി.ടി.ജോജുവിനെതിരെ തെളിഞ്ഞിട്ടില്ലെന്ന് വ്യക്തമാകുന്നു. അതിനാൽ ശ്രീ.സി.ടി.ജോജുവിനെതിരെ പരാമർശം (1) പ്രകാരം തീർപ്പാക്കിയ അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.സി.ടി.ജോജു, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർഓഫ് ഫോറസ്റ്റ്(ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മിഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ